**മധുരമായ കുട്ടികളെ - ഇപ്പോൾ ഡ്രാമയുടെ ചക്രം പൂർത്തിയാവുകയാണ്, നിങ്ങൾക്ക് ക്ഷീരഖണ്ഢമായി(മധുര സ്വഭാവം) പുതിയ ലോകത്തിലേക്ക് വരണം, അവിടെ എല്ലാവരും ക്ഷീരഖണ്ഡമാണ്, ഇവിടെ എല്ലാവരും ഉപ്പുവെള്ളത്തിന് സമാനമാണ്.**

**ചോദ്യം-** നിങ്ങൾ ത്രിനേത്രികളായ കുട്ടികൾ ഏതൊരു ജ്ഞാനത്തെ തിരിച്ചറിഞ്ഞ് ത്രികാലദർശികളായി മാറിയത്?

**ഉത്തരം-** നിങ്ങൾക്ക് ഇപ്പോൾ മുഴുവൻ വിശ്വത്തിന്റെ ചരിത്രത്തിന്റെയും ഭൂമിശാസ്ത്രത്തിന്റേയും ജ്ഞാനം ലഭിച്ചിട്ടുണ്ട്. സത്യയുഗം മുതൽ കലിയുഗാവസാനം വരേയ്ക്കുമുള്ള ചരിത്രവും ഭൂമിശാസ്ത്രവും നിങ്ങൾക്കറിയാം. നിങ്ങൾക്ക് ജ്ഞാനത്തിന്റെ മൂന്നാമത്തെ നേത്രം ലഭിച്ചിരിക്കുകയാണ്. ആത്മാവ് ഒരു ശരീരം ഉപേക്ഷിച്ച് മറ്റൊന്ന് എടുക്കുന്നു. ആത്മാവിലാണ് സംസ്കാരവും ഉള്ളത്. ഇപ്പോൾ ബാബ പറയുന്നു- കുട്ടികളെ, നാമരൂപത്തിൽ നിന്നും വേറിട്ടവരായി മാറൂ. സ്വയത്തെ അശരീരി ആത്മാവാണെന്ന് മനസ്സിലാക്കൂ.

**ഗീതം-** ക്ഷമയോടെ ഇരിക്കൂ മനസ്സേ. . .

**ഓം ശാന്തി.** കൽപ്പകൽപ്പം കുട്ടികളോട് പറയുന്നുണ്ട് കുട്ടികൾക്കും അറിയാം, മനസ്സിൽ തോന്നുന്നുണ്ട് എത്രയും പെട്ടെന്ന് സത്യയുഗം വരട്ടെ, അങ്ങനെ ഈ ദുഖത്തിൽ നിന്നും മുക്തമാകട്ടെ. പക്ഷെ ഈ ഡ്രാമ വളരെ പതുക്കെപ്പതുക്കെയാണ് നീങ്ങുന്നത്. ബാബ കുട്ടികളോട് ക്ഷമയോടെ ഇരിക്കാൻ പറയുകയാണ് ഇനി ബാക്കി കുറച്ച് നാളുകളേയുള്ളു. വലിയ വലിയ ആളുകളിലൂടെയും ശബ്ദം പുറത്ത് വരും, ലോകം പരിവർത്തനപ്പെടേണ്ടതുണ്ട്. പോപ്പിനെപ്പോലെയുള്ള വലിയ മനുഷ്യരും പറയും ഈ ലോകം പരിവർത്തനപ്പെടുന്നതാണെന്ന്. പിന്നീട് എങ്ങനെ ശാന്തി ഉണ്ടാകും. ഈ സമയം എല്ലാവരും ഉപ്പുവെള്ളത്തിന് സമാനമാണ്. ഇപ്പോൾ നമ്മൾ ക്ഷീരഖണ്ഢമായിക്കൊണ്ടിരിക്കുകയാണ്. കലിയുഗത്തിൽ ഓരോ ദിവസം കൂടുന്തോറും മനുഷ്യരുടെ സ്വഭാവം ഉപ്പുവെള്ളം പോലെ ആകുന്നു. പരസ്പരം യുദ്ധം ചെയ്ത് കലഹിച്ച് നശിച്ച് പോകുന്നതാണ്, തയ്യാറെടുപ്പുകൾ നടന്നു കൊണ്ടിരിക്കുകയാണ്. ഈ ഡ്രാമയുടെ ചക്രം ഇപ്പോൾ പൂർത്തിയാവുകയാണ്. പഴയ ലോകം പൂർത്തിയാകുന്നു. പുതിയ ലോകത്തിന്റെ സ്ഥാപന നടന്നു കൊണ്ടിരിക്കുന്നു. പുതിയ ലോകം തന്നെ പഴയതും, പഴയതു തന്നെ പുതിയതുമായി ത്തീരുന്നു. ഇതിനെയാണ് കാലചക്രം എന്നു പറയുന്നത്, ഇത് കറങ്ങിക്കൊണ്ടിരിക്കും. അല്ലാതെ ലക്ഷക്കണക്കിന് വർഷങ്ങൾക്കു ശേഷം പഴയലോകം പുതിയതാകും എന്നല്ല. നിങ്ങൾ കുട്ടികൾക്ക് ഇതെല്ലാം വളരെ നല്ല രീതിയിൽ മനസിലായിക്കഴിഞ്ഞു, ഭക്തി തീർത്തും വേറിട്ടതാണ്. ഭക്തിയുടെ സംബന്ധം രാവണനോടൊപ്പമാണ്. ജ്ഞാനത്തിന്റെ സംബന്ധം രാമനോടൊപ്പവും. നിങ്ങൾ ഇപ്പോഴാണ് ഇതെല്ലാം മനസ്സിലാക്കുന്നത്. ഇപ്പോൾ ബാബയെ വിളിക്കുന്നുണ്ട്- അല്ലയോ പതിതപാവനാ വരൂ, വന്ന് പുതിയ ലോകത്തെ സ്ഥാപിക്കൂ. പുതിയ ലോകത്തിൽ തീർച്ചയായും സുഖമാണ് ഉണ്ടാവുക. ചെറുതും വലുതുമായ എല്ലാ കുട്ടികൾക്കും മനസിലായിക്കഴിഞ്ഞു, തിരികെ വീട്ടിലേക്ക് പോകണമെന്ന്. നാടകം പൂർത്തിയായി. നമ്മൾ വീണ്ടും സത്യയുഗത്തിലേക്ക് പോകും, പിന്നെ 84 ജന്മങ്ങളുടെ ചക്രം വീണ്ടും കറങ്ങണം. ആത്മാവിന് സ്വദർശനം ലഭിക്കുകയാണ്-സൃഷ്ടിചക്രത്തിന്റെ അതായത് ആത്മാവിന് ജ്ഞാനത്തിന്റെ മൂന്നാമത്തെ നേത്രം ലഭിച്ചിരിക്കയാണ്, അതിനെ ത്രിനേത്രി എന്നു പറയുന്നു. ഇപ്പോൾ നിങ്ങൾ ത്രിനേത്രികളാണ്. ബാക്കി എല്ലാ മനുഷ്യർക്കും ഈ സ്ഥൂല നേത്രങ്ങളുണ്ട്. ജ്ഞാനനേത്രം ആർക്കും തന്നെ ഇല്ല. ത്രിനേത്രിയായാലേ ത്രികാലദർശിയാകുവാൻ സാധിക്കൂ. കാരണം ആത്മാവിനാണ് ജ്ഞാനം ലഭിക്കുന്നത്. ആത്മാവ് തന്നെയാണ് ഒരു ശരീരം ഉപേക്ഷിച്ച് മറ്റൊന്ന് എടുക്കുന്നത്. സംസ്കാരം ആത്മാവിൽ തന്നെയാണ്. ആത്മാവ് അവിനാശിയാണ്. ഇപ്പോൾ ബാബ പറയുന്നു നാമരൂപത്തിൽ നിന്നും വേറിട്ടവരായി മാറൂ. സ്വയം അശരീരി ആത്മാവാണെന്ന് മനസ്സിലാക്കൂ. ദേഹമാണെന്ന് ചിന്തിക്കരുത്. ഇതും നിങ്ങൾക്കറിയാം നമ്മൾ അരക്കൽപ്പമായി പരമാത്മാവിനെ ഓർമ്മിച്ചുകൊണ്ടിരിക്കുകയാണ്. ഇതിൽ, കൂടുതൽ ദുഖം ഉണ്ടാകുമ്പോൾ കൂടുതൽ ഭഗവാനെ ഓർമ്മിക്കുന്നു. ഇപ്പോൾ എത്ര ദുഖമാണ്. മുമ്പ് ഇത്രയ്ക്കും ദുഖം ഉണ്ടായിരുന്നില്ല. വിദേശികൾ വന്നതിനു ശേഷമാണ് ഭാരതത്തിലെ രാജാക്കന്മാരും പരസ്പരം കലഹിച്ചത്. അപ്പോഴാണ് വേറെ വേറെ രാജ്യം ആയത്. സത്യയുഗത്തിൽ ഒരൊറ്റ രാജ്യമേ ഉണ്ടായിരുന്നുള്ളൂ.

ഇപ്പോൾ നമ്മൾ സത്യയുഗം മുതൽ കലിയുഗ അവസാനം വരെയുള്ള ചരിത്രവും ഭൂമിശാസ്ത്രവും

മനസ്സിലാക്കിക്കൊണ്ടിരിക്കുകയാണ്. സത്യത്രേതായുഗത്തിൽ ഒരൊറ്റ രാജ്യമായിരുന്നു. ഇങ്ങനെ ഒരേയൊരു രാജധാനി മറ്റെവിടെയും ഉണ്ടാകില്ല. ക്രിസ്ത്യൻ ധർമ്മത്തിലും വിഭജനം ഉണ്ടായിട്ടുണ്ട്. സത്യയുഗത്തിൽ മുഴുവൻ വിശ്വവും ഒരാളുടെ കീഴിലായിരിക്കും. സത്യത്രേതായുഗത്തിൽ മാത്രമേ ഇങ്ങനെ ഉണ്ടാകൂ. ഈ പരിധിയില്ലാത്ത ചരിത്രവും ഭൂമിശാസ്ത്രവും ഇപ്പോൾ നിങ്ങളുടെ ബുദ്ധിയിൽ ഉണ്ട്. മറ്റൊരു സത്സംഗങ്ങളിലും ഹിസ്റ്ററി-ജോഗ്രഫി എന്ന വാക്ക് കേൾക്കുകയില്ല. അവിടെ നിങ്ങൾക്ക് രാമായണവും മഹാഭാരതവും കേൾക്കാൻ കഴിയും. ഇവിടെ അങ്ങിനെയുള്ള കാര്യങ്ങളൊന്നും ഇല്ല. ഇവിടെ വിശ്വത്തിന്റെ ചരിത്രവും ഭൂമിശാസ്ത്രവുമാണ് പഠിപ്പിക്കുന്നത്. നിങ്ങളുടെ ബുദ്ധിയിലുണ്ട് നമ്മുടെ ബാബ ഉയർന്നതിലും ഉയർന്നതാണ്. മുഴുവൻ ജ്ഞാനവും കേൾപ്പിച്ചിട്ടുള്ള ബാബയ്ക്ക് ധാരാളം നന്ദി രേഖപ്പെടുത്തണം. ഒന്ന് ആത്മാക്കളുടെ നിരാകാരീ വൃക്ഷം, രണ്ട് മനുഷ്യ സൃഷ്ടിയാകുന്ന വൃക്ഷം. മനുഷ്യസൃഷ്ടിയാകുന്ന വൃക്ഷത്തിനു മുകളിൽ ആരാണ് ? ഗ്രേറ്റ് ഗ്രേറ്റ് ഗ്രാന്റ് ഫാദറായ ബ്രഹ്മാബാബ. ബ്രഹ്മാവ് മുഖ്യമാണെന്ന് എല്ലാവർക്കുമറിയാം. പക്ഷെ ബ്രഹ്മാവിന്റെ ജീവചരിത്രത്തെ കുറിച്ച് അറിയില്ല. ഇപ്പോൾ ഈ കാര്യങ്ങ ളെല്ലാം നിങ്ങളുടെ ബുദ്ധിയിലുണ്ട്. ഉയർന്നതിലും ഉയർന്ന ബാബ വസിക്കുന്നത് പരംധാമത്തിലാണ്. സൂക്ഷ്മ വതനത്തെക്കുറിച്ചും നിങ്ങൾക്കറിയാം. മനുഷ്യർ തന്നെയാണ് ഫരിസ്തയാകുന്നത്, അതിനാലാണ് സൂക്ഷ്മവതനം കാണിച്ചിട്ടുള്ളത്. നിങ്ങൾ ആത്മാക്കൾ പോകുന്നു, ശരീരം സൂക്ഷ്മ വതനത്തിൽ പോവുകയില്ല. അവിടേക്ക് എങ്ങിനെ പോകും, മൂന്നാമത്തെ നേത്രത്തിലൂടെ, ദിവ്യദൃഷ്ടിയിലൂടെ അഥവാ സാക്ഷാത്കാരത്തിലൂടെ അങ്ങോട്ട് പോകാൻ കഴിയും. നിങ്ങൾ സാക്ഷാത്കാരത്തിൽ ബ്രഹ്മാ വിഷ്ണു ശങ്കരനെ കാണുന്നു. മനുഷ്യർ പറയാറുണ്ട് - ശങ്കരൻ കണ്ണ് തുറക്കുന്നതിലൂടെ വിനാശം സംഭവിക്കുന്നു. പക്ഷെ ഇതിലൂടെയൊന്നും ആർക്കും ഒന്നും മനസ്സിലാക്കാൻ സാധിക്കില്ല. ഇപ്പോൾ നിങ്ങൾക്കറിയാം ഡ്രാമയനുസരിച്ച് വിനാശം ഉണ്ടാവുകതന്നെ വേണം. പരസ്പരം യുദ്ധം ചെയ്ത് വിനാശം ഉണ്ടാകുന്നു. ബാക്കി ശങ്കരൻ എന്തു ചെയ്യാനാണ്! ഇത് ഡ്രാമ അനുസരിച്ച് ശങ്കരന്റെ പേര് വെച്ചിരിക്കുകയാണ്. അപ്പോൾ മനസ്സിലാക്കിത്തരേണ്ടതായി വരുന്നു. ബ്രഹ്മാ വിഷ്ണു ശങ്കരൻ മൂന്നുപേരാണ്. സ്ഥാപനയ്ക്കു വേണ്ടിയാണ് ബ്രഹ്മാവിനെ വെച്ചിരിക്കുന്നത്, പാലനയ്ക്കു വേണ്ടി വിഷ്ണുവിനേയും വിനാശത്തിനു വേണ്ടി ശങ്കരനേയും വെച്ചിരിക്കുന്നു. വാസ്തവത്തിൽ ഇത് ഉണ്ടായതും ഉണ്ടാക്കപ്പെട്ടതുമായ നാടകമാണ്. ശങ്കരന് പാർട്ട് ഒന്നും തന്നെയില്ല. ബ്രഹ്മാവിന്റെയും വിഷ്ണുവിന്റെയും പാർട്ട് മുഴുവൻ കൽപ്പത്തിലും ഉണ്ട്. ബ്രാഹ്മാ സൊ വിഷ്ണു, വിഷ്ണു സൊ ബ്രഹ്മാ. ബ്രഹ്മാവിന്റെയും വിഷ്ണുവിന്റെയും 84 ജന്മങ്ങൾ പൂർത്തിയായി. ശങ്കരൻ ജനനമരണത്തിൽ നിന്നും വേറിട്ടതാണ്. അതുകൊണ്ട് ശിവനും ശങ്കരനും ഒന്നാണെന്ന് പറഞ്ഞു വന്നു. വാസ്തവത്തിൽ ശിവന്റെ പാർട്ട് വളരെ ഉയർന്നതാണ്, പഠിപ്പിക്കുകയാണ്.

ഭഗവാനെ ജ്ഞാനസാഗരൻ എന്നാണ് പറയുന്നത്. അഥവാ പ്രേരണയിലൂടെയാണ് കാര്യം ചെയ്യിപ്പിക്കുന്നത് എങ്കിൽ സൃഷ്ടിയുടെ ജ്ഞാനം എങ്ങനെ നൽകാനാണ് ? അതുകൊണ്ട് ബാബ മനസ്സിലാക്കിത്തരുന്നു - കുട്ടികളെ, പ്രേരണയുടെ കാര്യമൊന്നും തന്നെയില്ല. ബാബയ്ക്ക് ഇങ്ങോട്ട് വരേണ്ടതായി വരുന്നു. ബാബ പറയുന്നു - കുട്ടികളെ, എന്നിൽ സൃഷ്ടിചക്രത്തിന്റെ ജ്ഞാനമുണ്ട്. എനിക്കാണ് ഈ പാർട്ട് ലഭിച്ചിരിക്കുന്നത് അതുകൊണ്ട് എന്നെത്തന്നെയാണ് ജ്ഞാനസാഗരനെന്ന് പറയുന്നത്. എപ്പോഴാണോ ബാബയെ ലഭിച്ചത് അപ്പോഴാണ് ജ്ഞാനം എന്താണെന്ന് മനസ്സിലായത്. ജ്ഞാനം ലഭിക്കാതെ എങ്ങനെ അതിന്റെ അർത്ഥം അറിയാൻ കഴിയും. ആദ്യം നിങ്ങളും ഈശ്വരന്റെ പ്രേരണയാണെന്ന് മനസ്സിലാക്കിയിരുന്നു. ഭഗവാൻ എല്ലാം അറിയുന്നവനാണെന്നും മനസ്സിലാക്കി. നമ്മൾ ചെയ്യുന്ന പാപങ്ങളെല്ലാം ഈശ്വരൻ കാണുന്നുണ്ട്. പക്ഷെ ബാബ പറയുന്നു ഈ ജോലി എന്റേതല്ല. എങ്ങനെയുള്ള കർമ്മമാണോ നിങ്ങൾ ചെയ്യുന്നത് അതിനനുസരിച്ചുള്ള ശിക്ഷയും നിങ്ങൾ സ്വയം അനുഭവിക്കുന്നു, ഞാൻ ആർക്കും ശിക്ഷ നൽകുന്നില്ല. പ്രേരണയിലൂടെ ശിക്ഷ നൽകാൻ സാധിക്കില്ല. ഞാൻ പ്രേരണയിലൂടെ ശിക്ഷ നൽകുകയാണെങ്കിൽ സ്വയം ഞാൻ തന്നെ നൽകുന്നതിന് സമാനമാണ്. ആരോടെങ്കിലും ഇന്നയാളെ കൊല്ലാൻ പറയുകയാണെങ്കിൽ പറഞ്ഞവർക്കും ദോഷമുണ്ട്. അവരും പെട്ടു പോകും. അതുപോലെ ശങ്കരൻ പ്രേരണ തരികയാണെങ്കിൽ ശങ്കരനും ഈ കർമ്മക്കണക്കിൽ പെട്ടുപോകും. ബാബ പറയുന്നു ഞാൻ നിങ്ങൾ കുട്ടികൾക്ക് സുഖം നൽകുന്ന ആളാണ്. നിങ്ങൾ എന്റെ മഹിമയാണ് പാടിയത് - ബാബാ വന്ന് ഞങ്ങളുടെ ദുഖത്തെ ഇല്ലാതാക്കൂ. ഞാൻ ഒരിക്കലും ദുഖം നൽകുന്നില്ല.

ഇപ്പോൾ നിങ്ങൾ കുട്ടികൾ ബാബയുടെ സന്മുഖത്താണ് ഇരിക്കുന്നത്. അപ്പോൾ നിങ്ങൾക്ക് എത്ര സന്തോഷം ഉണ്ടായിരിക്കണം. ഇവിടെ ഭഗവാന്റെ നേരിട്ടുള്ള അനുഭൂതിയാണ് ലഭിക്കുന്നത്. ബാബ നമ്മെ പഠിപ്പിക്കുന്നു ഇതിനെ മേള എന്നു പറയുന്നു. സെന്ററുകളിൽ നിങ്ങൾ പോകാറുണ്ട് പക്ഷെ അവിടെ ആത്മാ-പരമാത്മാ മിലനമേള എന്നു പറയില്ല. ആത്മാക്കളുടെയും പരമാത്മാവിന്റെയും മേള ഇവിടെയാണുണ്ടാകുന്നത് (മധുബൻ). ഇതും നിങ്ങൾക്കറിയാം ഇവിടെ മേള നടക്കുന്നു. ബാബ കുട്ടികളുടെ

ഇടയിലേക്ക്  വന്നിരിക്കുകയാണ്. ആത്മാക്കൾ എല്ലാവരും ഇവിടെയാണ്. ആത്മാക്കൾ തന്നെയാണ് ബാബ വരുമെന്ന് പറഞ്ഞ് ഓർമ്മിക്കുന്നത്. ഇത് ഏറ്റവും നല്ല മിലനമേളയാണ്. ബാബ വന്ന് സർവ്വ ആത്മാക്കളേയും രാവണ രാജ്യത്തിൽ നിന്നും മുക്തമാക്കുന്നു. ഈ മേളയിലൂടെ മനുഷ്യരുടെ ബുദ്ധി പവിഴബുദ്ധിയായിത്തീരുന്നു. ഭക്തിമാർഗ്ഗത്തിലുള്ള മേളയിലൂടെ മനുഷ്യർ പതിതമായിത്തീരുന്നു. പൈസ നഷ്ടപ്പെടുത്തിക്കൊണ്ടിരിക്കുന്നു, ഇതിലൂടെ ഒന്നും തന്നെ ലഭിക്കുന്നില്ല. അതിനെ മായാവീ ആസുരീയ മേള എന്നു പറയുന്നു. ഇത് ഈശ്വരീയ മേളയാണ്. രാത്രിയുടെയും പകലിന്റേയും വ്യത്യാസമുണ്ട്. നിങ്ങളും ആദ്യം ആസുരീയ മേളയിലായിരുന്നു. ഇപ്പോൾ ഈശ്വരീയ മേളയിലാണ്. നിങ്ങൾക്ക്  അറിയാം ബാബ ഇവിടേക്ക് വന്നിരിക്കുകയാണ്. ഇതെല്ലാവരും അറിയുകയാണെങ്കിൽ ഇവിടെ ധാരാളം തിരക്ക് അനുഭവപ്പെടും. എല്ലാവർക്കും വസിക്കുന്നതിനുള്ള  കെട്ടിടങ്ങൾ എവിടുന്ന്  ലഭിക്കാനാണ് ? അവസാനം പാടാറുണ്ട് അല്ലെയോ പ്രഭൂ അങ്ങയുടെ ലീല അപരം അപാരമാണ്. ഏത് ലീല? സൃഷ്ടി പരിവർത്തനത്തിന്റെ ലീല. ഇതാണ് ഏറ്റവും വലിയ ലീല. പഴയ ലോകം നശിക്കുന്നതിനു മുമ്പായി ആദ്യം പുതിയ ലോകത്തിന്റെ സ്ഥാപന ഉണ്ടാകുന്നു. അതുകൊണ്ട് ആർക്കെങ്കിലും നിങ്ങൾ മനസ്സിലാക്കിക്കൊടുക്കുമ്പോഴും ആദ്യം സ്ഥാപനയെക്കുറിച്ച്  മനസ്സിലാക്കിക്കൊടുക്കണം. പിന്നീട്  വിനാശത്തെക്കുറിച്ച് അതിനുശേഷം പാലനയെക്കുറിച്ച്  മനസ്സിലാക്കിക്കൊടുണം.  എപ്പോഴാണോ സ്ഥാപന പൂർത്തിയാകുന്നത് അപ്പോൾ വിനാശം സംഭവിക്കുന്നു. പിന്നീട്  പാലന ഉണ്ടാകുന്നു. നിങ്ങൾ കുട്ടികൾക്ക്  ഈ സന്തോഷം ഉണ്ടായിരിക്കണം- നമ്മൾ സ്വദർശന ചക്രധാരി ബ്രാഹ്മണരാണ്. നമ്മൾ പിന്നീട് ചക്രവർത്തീ മഹാരാജാവായിത്തീരുന്നു. ദേവതകളുടെ രാജ്യം എവിടെ പോയി എന്നുള്ളത് ആർക്കും അറിയില്ല. പേരും അടയാളവും നഷ്ടപ്പെട്ടു. ദേവതാ ധർമ്മത്തിനു പകരം സ്വയത്തെ ഹിന്ദു എന്നു പറഞ്ഞു. ഹിന്ദുസ്ഥാനിൽ വസിക്കുന്നവർ എന്ന അർത്ഥത്തിൽ ഹിന്ദുക്കൾ എന്നു പറയുന്നു. ലക്ഷ്മീ-നാരായണന്മാരെ ഹിന്ദുക്കൾ എന്നു പറയില്ല. അവരെ ദേവതമാർ എന്നാണ് പറയുക. ഈ മിലനമേളയിൽ നിങ്ങൾ ഇപ്പോൾ ഡ്രാമയനുസരിച്ചാണ് വന്നിരിക്കുന്നത്. ഇത് ഡ്രാമയിൽ അടങ്ങിയിട്ടുള്ളതാണ്. പതുക്കെ പതുക്കെ വൃദ്ധി പ്രാപിക്കുന്നു. എന്തെല്ലാം പാർട്ടാണോ ഇപ്പോൾ നിങ്ങൾ അഭിനയിക്കുന്നത് അതെല്ലാം കൽപ്പത്തിനു ശേഷം ആവർത്തിക്കപ്പെടും. ഈ ചക്രം കറങ്ങിക്കൊണ്ടിരിക്കും. രാവണരാജ്യത്തിൽ ആസുരീയ പാലനയാണ്  ഉണ്ടാവുക. നിങ്ങൾ ഇപ്പോൾ ഈശ്വരന്റെ കുട്ടികളാണ്. പിന്നീട് ദൈവീക കുട്ടികളായിത്തീരും. പിന്നെ ക്ഷത്രിയരായി മാറും. ആസുരീയ പ്രവൃത്തിയിലായിരുന്ന നിങ്ങൾ ഇപ്പോൾ വീണ്ടും പവിത്രമായ പ്രവൃത്തീമാർഗ്ഗത്തിലേക്ക് പോവുകയാണ്. സത്യയുഗത്തിലുള്ളവർ ദൈവീകഗുണങ്ങളുള്ള മനുഷ്യർ തന്നെയാണ്. പക്ഷെ അവർക്ക് ധാരാളം ഭുജങ്ങൾ കാണിച്ചിട്ടുണ്ട്. വിഷ്ണു ആരാണെന്ന്  പലർക്കും അറിയില്ല. മഹാലക്ഷ്മിയേയും പൂജിക്കുന്നു. ജഗദംബയിൽ നിന്നും ആരും ധനത്തെ യാചിക്കില്ല. ധനം കൂടുതൽ ലഭിക്കുകയാണെങ്കിൽ പറയും ലക്ഷ്മിയുടെ പൂജ ചെയ്തതുകൊണ്ടാണ് ഭണ്ഡാരം നിറഞ്ഞതെന്ന്. ഇവിടെ നിങ്ങൾ പരംപിതാ പരമാത്മാവായ ശിവഭഗവാനിൽ നിന്നും ജഗദംബയിലൂടെയാണ് നേടിക്കൊണ്ടിരിക്കുന്നത്, നൽകുന്നത്  ശിവബാബയാണ്. നിങ്ങൾ കുട്ടികൾ ബാപ്ദാദയേക്കാളും ഭാഗ്യശാലിയാണ്. ജഗദംബയ്ക്ക്  എത്ര മേളയാണ്  നടക്കുന്നത് ? പക്ഷെ ബ്രഹ്മാവിന്  ഇത്രയ്ക്കും ഇല്ല. ബ്രഹ്മാവിനെ ഒരു സ്ഥലത്തു മാത്രം ഇരുത്തിയിരിക്കുകയാണ്. അജ്മീറിൽ ബ്രഹ്മാവിന്റെ വളരെ വലിയ ക്ഷേത്രമുണ്ട്. ദേവതകളുടെ ക്ഷേത്രമാണ് കൂടുതൽ ഉള്ളത്. കാരണം ഈ സമയം നിങ്ങൾക്കാണ് ഏറ്റവും ഉയർന്ന മഹിമ. നിങ്ങൾ ഭാരതത്തിന്റെ സേവനമാണ് ചെയ്യുന്നത്. നിങ്ങൾക്കാണ് ഏറ്റവും കുടുതൽ പൂജയും ലഭിക്കുന്നത്. നിങ്ങൾ ഭാഗ്യശാലികളാണ്. ജഗദംബയെക്കുറിച്ച് ഒരിക്കലും സർവ്വവ്യാപി എന്ന മഹിമ പറയാറില്ല. നിങ്ങൾക്ക്  ധാരാളം മഹിമയുണ്ട്. ബ്രഹ്മാ-വിഷ്ണു-ശങ്കരനെപ്പോലും സർവ്വവ്യാപി എന്നു പറയില്ല. ഞാൻ കണകണങ്ങളിൽ ഉണ്ടെന്ന് പറയുന്നു. എന്റെ എത്ര ഗ്ലാനിയാണ്  ചെയ്യുന്നത് ?

ഞാൻ നിങ്ങളുടെ മഹിമയെ എത്ര ഉയർത്തുന്നു. ഭാരതമാതാ ജയിക്കട്ടെ എന്നു പറയുന്നില്ലേ. നിങ്ങളാണ് ഭാരതമാതാക്കൾ. അല്ലാതെ ഭൂമിയല്ല. തമോപ്രധാനമായ ഭൂമി സത്യയുഗത്തിൽ സതോപ്രധാനമാകുന്നു. അതുകൊണ്ടാണ് ദേവതകളുടെ കാൽ പതിതലോകത്തിൽ പതിയുകയില്ല എന്ന് പറയുന്നത്. സതോപ്രധാന ഭൂമിയിലേ ദേവതകൾ വരൂ. ഇപ്പോൾ നിങ്ങൾക്ക് സതോപ്രധാനമാകണം. ശ്രീമത്ത് പ്രകാരം ജീവിച്ച് ബാബയെ ഓർമ്മിച്ചുകൊണ്ടിരിക്കുകയാണെങ്കിൽ ഉയർന്ന പദവി നേടാം. ഇതിനെക്കുറിച്ച്  ചിന്തിക്കണം. ഓർമ്മിച്ചാലേ വികർമ്മം നശിക്കൂ. ശ്രീമത്ത് ലഭിച്ചുകൊണ്ടിരിക്കുന്നുണ്ട്. സത്യയുഗത്തിൽ നിങ്ങൾ ആത്മാക്കൾ പവിത്രവും സ്വർണ്ണത്തിനു സമാനവും ആയിരിക്കും. അപ്പോൾ ശരീരവും സ്വർണ്ണത്തിനു സമാനമായത് ലഭിക്കും. സ്വർണ്ണത്തിൽ ക്ലാവ് പറ്റുകയാണെങ്കിൽ പിന്നീട് ആഭരണവും അതുപോലെയാകും. ആത്മാവ് അസത്യമാണെങ്കിൽ ശരീരവും അസത്യമാണ്. കറ പറ്റുന്നതിലൂടെയാണ്  സ്വർണ്ണത്തിന്റെ വില കുറയുന്നത്. നിങ്ങൾക്ക്  ഇപ്പോൾ യാതൊരു മൂല്യവും ഇല്ല. ആദ്യം നിങ്ങൾ വിശ്വത്തിന്റെ അധികാരികൾ ആയിരുന്നപ്പോൾ 24 കാരറ്റ് സ്വർണ്ണത്തിന് സമാനമായിരുന്നു. ഇപ്പോൾ 9 കാരറ്റുപോലുമില്ല. ബാബ

കുട്ടികളോട് ആത്മീയ സംഭാഷണം ചെയ്യുന്നു. കുട്ടികൾക്കിരുന്ന് മനസ്സിലാക്കിത്തരുന്നു ഇത് കേട്ട് കേട്ട് നിങ്ങൾ മനുഷ്യനിൽ നിന്ന് ദേവതയായി മാറുകയാണ്. അവിടെ വജ്രവൈഢൂര്യങ്ങളുടെ കൊട്ടാരം ഉണ്ടാകും, സ്വർഗ്ഗമല്ലെ പിന്നെ എന്തൊക്കെയായിരിക്കും! അവിടുത്തെ പഴച്ചാറുകളെല്ലാം നിങ്ങൾ കുടിച്ചുവന്നവരാണ്. അവിടത്തെ പഴങ്ങളും വലിയ-വലിയവയായിരിക്കും. അതൊന്നും ഇവിടെ ലഭിക്കില്ല. സൂക്ഷ്മ വതനത്തിലാണെങ്കിൽ ഒന്നും തന്നെയില്ല. ഇപ്പോൾ നിങ്ങൾ പ്രാക്ടിക്കലായി അങ്ങോട്ട് പോവുകയാണ്. ഇത് ആത്മാ-പരമാത്മാവിന്റെ മേളയാണ്, ഇതിലൂടെ നിങ്ങൾ ഉജ്ജ്വലരായിത്തീരുന്നു.
നിങ്ങൾ കുട്ടികൾ ഇങ്ങോട്ട് വരുമ്പോൾ എല്ലാറ്റിൽ നിന്നും സ്വതന്ത്രരാണ്. വീട്, കുടുംബം, ജോലി ഇവയുടെ ചിന്ത ഒന്നും തന്നെയില്ല. അതിനാൽ മധുബനിൽ നിങ്ങൾക്ക് ഓർമ്മയുടെ യാത്രയ്ക്കായി വളരെ നല്ല അവസരമാണ്. അവിടെയാണെങ്കിൽ വീടും കുടുംബവും എല്ലാം ഓർമ്മവരും. പക്ഷെ ഇവിടെ ഒന്നും തന്നെയില്ലല്ലോ. രാത്രിയിൽ രണ്ടുമണിക്ക് എഴുന്നേറ്റ് ഇവിടെ വന്നിരിക്കുകയാണെങ്കിൽ വളരെ നല്ലതാണ്. സെന്ററുകളിൽ ആ സമയത്ത് നിങ്ങൾക്ക് പോകാൻ കഴിയില്ലല്ലോ. ഇവിടെയാണെങ്കിൽ സഹജമാണ്. ശിവബാബയുടെ ഓർമ്മയിൽ വന്നിരിക്കൂ, മറ്റൊരു കാര്യവും ഓർമ്മ വരരുത്. ഇവിടെ നിങ്ങൾക്ക് സഹായവും ലഭിക്കുന്നു. വേഗം ഉറങ്ങൂ, പിന്നെ അതിരാവിലെ എഴുന്നേൽക്കൂ. 3 മുതൽ 5 വരെ ഇവിടെ വന്നിരിക്കൂ. ബാബയും വരും, കുട്ടികൾ സന്തോഷിക്കും. ബാബയാണ് യോഗം പഠിപ്പിക്കുന്നത്. ബ്രഹ്മാബാബയും പഠിക്കുന്നു, അച്ഛനും ദാദയും രണ്ടുപേരും വരും, അപ്പോൾ ഇവിടെയും പുറമേ സെന്ററുകളിലും യോഗത്തിലിരിക്കുന്നതിന്റെ വ്യത്യാസത്തെക്കുറിച്ച് മനസ്സിലാക്കുവാൻ സാധിക്കും. ഇവിടെയാണെങ്കിൽ മറ്റൊന്നിന്റെയും ഓർമ്മ വരികയില്ല. ഇതിൽ ധാരാളം പ്രയോജനമുണ്ട്. ഇത് വളരെ നന്നായിരിക്കുമെന്ന് ബാബ നിർദ്ദേശിക്കുന്നു. കുട്ടികൾക്ക് എഴുന്നേൽക്കാൻ കഴിയുമോ എന്ന് ബാബ നോക്കട്ടെ. പലർക്കും അതിരാവിലെ എഴുന്നേൽക്കാനുള്ള അഭ്യാസമുണ്ട്. നിങ്ങളുടെ സന്യാസമാണ് പഞ്ചവികാരങ്ങളുമായി, വൈരാഗ്യമോ മുഴുവൻ പഴയ ലോകത്തിനോടും. ശരി.

വളരെക്കാലത്തിനുശേഷം തിരികെ കിട്ടിയ മധുരമധുരമായ സന്താനങ്ങൾക്ക് മാതാപിതാവായ ബാപ്ദാദയുടെ സ്നേഹസ്മരണയും പുലർകാല വന്ദനവും. ആത്മീയ കുട്ടികൾക്ക് ആത്മീയ അച്ഛന്റെ നമസ്കാരം.

### ധാരണയ്ക്കുള്ള മുഖ്യസാരം:-

1. ഇപ്പോൾ സൃഷ്ടി പരിവർത്തനത്തിന്റെ കളി നടന്നുകൊണ്ടിരിക്കുകയാണ്, അതുകൊണ്ട് സ്വയത്തെ പരിവർത്തനപ്പെടുത്തണം. മധുരസ്വഭാവമുള്ളവരായിരിക്കണം.

2. അതിരാവിലെ എഴുന്നേറ്റ് ഒരേയൊരു ബാബയുടെ ഓർമ്മയിൽ ഇരിക്കണം, ആ സമയം മറ്റൊന്നിന്റെയും ഓർമ്മ വരരുത്. പഴയ ലോകത്തോട് പരിധിയില്ലാത്ത വൈരാഗിയായി മാറി അഞ്ചുവികാരങ്ങളേയും സന്യസിക്കണം.

## വരദാനം:- പരിധിയില്ലാത്ത സ്ഥിതിയിൽ സ്ഥിതി ചെയ്ത്, സേവനത്തിനോടുള്ള മോഹത്തിൽ നിന്ന് വേറിട്ടും പ്രീയപ്പെട്ടതുമായിരിക്കുന്ന വിശ്വ സേവധാരിയായി ഭവിക്കട്ടെ.

വിശ്വ സേവധാരി എന്നാൽ പരിധിയില്ലാത്ത സ്ഥിതിയിൽ സ്ഥിതി ചെയ്യുന്നവർ.അങ്ങനെയുള്ള സേവധാരികൾ സേവനം ചെയ്യുമ്പോഴും വേറിട്ടവരും സദാ ബാബയ്ക്ക് പ്രീയപെട്ടവരുമായിരിക്കും.സേവനത്തിനോടുള്ള മോഹം വരില്ല. സേവനത്തോടുള്ള മോഹവും സ്വർണ്ണ ചങ്ങലയാണ്. ഈ ബന്ധനം പരിധിയില്ലാത്തതിൽ നിന്ന് പരിധിയിലേക്ക് കൊണ്ട് വരും. അതിനാൽ ദേഹത്തിന്റെ സ്മൃതിയോട്, ഈശ്വരീയ സംബന്ധങ്ങളോട്, സേവനത്തിന്റെ സാധങ്ങളോട് എല്ലാമുള്ള മോഹത്തിൽ നിന്ന് വേറിട്ടവരും ബാബയ്ക്ക് പ്രീയപ്പെട്ടവരുമാകൂ എങ്കിൽ വിശ്വ സേവധാരിയുടെ വരദാനം പ്രാപ്തമാകും സദാ സഫലത കിട്ടികൊണ്ടിരിക്കും.

## സ്ലോഗൻ: വ്യർത്ഥ സങ്കല്പങ്ങളെ ഒരു സെക്കൻഡിൽ സ്റ്റോപ് ചെയ്യുന്നതിന്റെ റിഹേഴ്സൽ ചെയ്യുകയാണെങ്കിൽ ശക്തിശാലി ആയിമാറും.

**അവ്യക്ത സൂചന :- ആത്മീയ റോയൽറ്റിയും പവിത്രതയുടെ വ്യക്തിത്വവും ധാരണ ചെയ്യൂ.**
നിങ്ങളുടെ ഏറ്റവും ആദ്യത്തെ പ്രവൃത്തിയാണ് ദേഹത്തിന്റെ പ്രവൃത്തി, പിന്നെയാണ് ദേഹത്തിന്റെ സം

ബന്ധങ്ങളുടെ പ്രവൃത്തി.  ആദ്യത്തെ പ്രവൃത്തിയാണ്  ദേഹത്തിന്റ ഓരോ കർമ്മേന്ദ്രിയങ്ങളെയും  പവിത്രമാക്കണം. ദേഹത്തിന്റെ പ്രവൃത്തിയെ പവിത്രമാക്കാതെ ദേഹത്തിന്റെ സംബന്ധങ്ങളുടെ  പ്രവൃത്തി അത് പരിധിയുള്ളതായാലും  പരിധിയില്ലാത്തതായാലും അതിനെ പവിത്രമാക്കാൻ സാധിക്കില്ല. സ്വയം തന്നോട് തന്നെ ആദ്യം ചോദിക്കണം തന്റെ ശരീരമാകുന്ന വീടിനെ അതായത് സങ്കൽപം, ബുദ്ധി, കണ്ണുകൾ, വായ് ഇതിനെയെല്ലാം  ആത്മീയം  അർത്ഥം പവിത്രമാക്കിയോ? അങ്ങനെയുള്ള പവിത്ര ആത്മാക്കൾ തന്നെയാണ് മഹാൻ.